സ്വീകരിച്ചിരുന്നു. കൂടാതെ സർക്കാർ വാഹനങ്ങളുടെ ഇന്ധന ചെലവ്, പുതിയ തസ്തികകൾ സൃഷ്ടിക്കൽ, യാത്രപ്പടി, പുതിയ ടെലിഫോൺ കണക്ഷൻ, പുതിയ വാഹനങ്ങൾ വാങ്ങൽ തുടങ്ങിയവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി നടപടികൾ സ്വീകരിച്ചു.

4 (296) സംസ്ഥാനത്തെ ഗ്രാമീണ ബാങ്കുകൾ

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രാമീണബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയുടെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിയന്ത്രണമോ കൈകാര്യ കർതൃത്വമോ ഉണ്ടോ;

(സി) ഇവ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ;

(ഡി) ഇവ നൽകുന്ന വായ്പകളിന്മേൽ ഈടാക്കുന്ന പലിശ എത്രയാണ്;

(ഇ) ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ ഇവ ചെലുത്തുന്ന സ്വാധീനം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് ഗ്രാമീണ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇവയുടെ ഓഹരി മൂലധനത്തിന്റെ 15% (പതിനഞ്ചു ശതമാനം) സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. ഓരോ ഗ്രാമീണ ബാങ്കിന്റെയും ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ സംസ്ഥാന സർക്കാരിന്റെ രണ്ടു നോമിനികൾ വീതമുണ്ട്.

(സി) ഗ്രാമപ്രദേശങ്ങളിലെ നിക്ഷേപങ്ങൾ സമാഹരിക്കുക, ഗ്രാമീണരുടെയും പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളുടെയും ഉന്നമനത്തിനായി കാർഷികാവശ്യങ്ങൾക്കും മറ്റ് ഉല്പാദന പ്രവർത്തനങ്ങൾക്കും ഹ്രസ്വകാല ദീർഘകാല വായ്പകൾ വിതരണം ചെയ്യുക, സഹകരണ സംഘങ്ങൾക്ക് കാർഷിക വായ്പ നൽകുക എന്നീ പ്രവർത്തനങ്ങളാണ് ഇവ നടത്തി വരുന്നത്.

(ഡി) ഇവ നല്കുന്ന വായ്പകളിന്മേൽ 13% മുതൽ 18% പലിശ ഈടാക്കുന്നു.

(ഇ) ഗ്രാമപ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി എല്ലാ വിഭാഗക്കാർക്കും ആവശ്യമായ വായ്പകൾ ലഭ്യമാക്കുന്നതു വഴി ഗ്രാമപ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിൽ ഗ്രാമീണ ബാങ്കുകൾ സുപ്രധാനമായ പങ്കു വഹിക്കുന്നു. സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഇവ മുൻപന്തിയി

LIBRARY ARCHIVES Kerala Legislative Assembly

ലാണ്. ഈ ബാങ്കുകൾ നല്കുന്ന ആകെ വായ്പയുടെ ഏകദേശം 80% പ്രയോറിറ്റി സെക്ടറിനാണ്.

5 (297) വാണിജ്യസ്ഥാപനങ്ങൾ വഴിയുള്ള വരുമാനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന്ശേഷം കേരളത്തിൽ വാണിജ്യസ്ഥാപനങ്ങൾ വഴിയുള്ള വരുമാനം കുറയുകയോ കൂടുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്താണെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വരുമാനം കൂടിയിട്ടുണ്ട്.

വർഷം	നികുതിപിരിവ് (കോടിയിൽ)
1995-96	2274.46
1996-97	2753.68
1997-98	3106.79
1998-99	3387.93

(ബി) വ്യാപാരവർദ്ധനവാണ് കാരണം.

6 (298) കാർഷികാദായ നികുതി

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാർഷികാദായനികുതിയിനത്തിൽ എന്തു തുക വീതം പിരിച്ചെടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) അതിൽ ഓരോ വർഷവും എന്തു തുക വീതം പിരിച്ചെടുത്തു;

(സി) കാർഷികാദായനികുതി പിരിവിൽ കുറവുവരാനുള്ള കാരണങ്ങൾ എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1996-97 28.35 കോടി

1997-98 30.60 കോടി

1998-99 26.00 കോടി രൂപയുമാണ് പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്നത്.

(ബി) 1996-97 17 കോടി

1997-98 22.54 കോടി

1998-99 25.57 കോടി രൂപയും പിരിച്ചെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly